
# ബൈബിൾ
# ട്രൂത്ത്



| മനുഷ്യൻ | ദൈവം |
|---|---|
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ | അരൂപിയും നിത്യനും |
| ദൈവസൃഷ്ടി | സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ ജീവിതം ദൈവികമായി മാറും. ദൈവത്തിന്റെ അപ്രമേയജ്ഞാനത്താൽ അറിഞ്ഞു ദൈവത്തെ ഭയന്ന് കല്പനകൾ അനുസരിച്ചാൽ അവൻ ദൈവത്തോടു കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ്<br>വിശ്വസ്തൻ<br>സത്യവാൻ<br>സ്നേഹവാൻ<br>രക്ഷകൻ |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 19** **February 2006** **No.11**

## എഡിറ്റോറിയൽ

പരിഷ്കാരത്തിന്റേയും വികസനത്തിന്റേയും കാലഘട്ടമാണല്ലോ ഇത്. വിവാദങ്ങൾ ഇവയിലൂം കടന്നു കൂടിയിട്ടുണ്ട്. എന്തിലെല്ലാം ആണ് പരിഷ്കാരവും വികസനവും ആവശ്യം? ലക്ഷ്യമെന്ത് എന്നും നാം പരിശോധിക്കേണ്ടിയിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ലാത്ത സ്ഥലങ്ങൾ ഇന്നും നിരവധിയുണ്ട്. എങ്കിലും രാഷ്ട്രീയ സംഘടനകളുടെ പൊതു പ്രയോജനം ലക്ഷ്യമാക്കി നടത്തുന്ന ഭരണ പരിഷ്കാരങ്ങളും പ്രദേശങ്ങളുടെ വികസനവും എത്രമാത്രം ആത്മാർത്ഥത നിറഞ്ഞതാണ്? സാമൂഹ്യ നന്മ നീതിപൂർവ്വകമായി നടപ്പാക്കണം. അതായതു എല്ലാ ജനങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ അവയെ വിപുലീകരിക്കണം. ജനങ്ങളുടെ ദുരിതങ്ങൾ അകറ്റുക എന്ന ലക്ഷ്യത്തോടെ വേണം ഇതൊക്കെ ചെയ്യുവാൻ. ലൗകിക ജീവിതം സുഖകരമാക്കുക എന്ന ലക്ഷ്യത്തിൽ ചെയ്യുന്ന പ്രവൃത്തികൾ കൊണ്ട് മാത്രം ജനങ്ങളുടെ ജീവിതം സുഖകരമാകുകയില്ല എന്നു പറഞ്ഞുകൊള്ളട്ടെ. കാരണം ഇന്നു നടക്കുന്ന സാമൂഹ്യ വികസനത്തിനോ പരിഷ്കാരത്തിനോ ആളുകളുടെ ജീവിതരീതിക്കു മാറ്റം സംഭവിക്കുന്നില്ല എന്നതാണ് പരമാർത്ഥം.

മനുഷ്യർ തമ്മിൽ തമ്മിൽ പുലർത്തുന്ന ബന്ധങ്ങളുടെ മാനദണ്ഡം ഇന്നു വ്യത്യസ്തമാണ്. വൈകാരിക ബന്ധങ്ങളേക്കാൾ സാമ്പത്തിക മൂല്യങ്ങൾക്കു ഊന്നൽ കൊടുത്തു വരുന്നു. ഇതു അപകടകരമായ പ്രവണതയാണ്. സ്വന്തബന്ധങ്ങളെല്ലാം സാമ്പത്തിക ഭദ്രതയെ ആസ്പദമാക്കി വരുമ്പോൾ അതു തകരുന്ന

ബന്ധമായി പോകും. കാരണം സമ്പത്തു ഇന്നു വരും നാളെ പോകും അതു സ്ഥിരമല്ല. സുസ്ഥിരബന്ധം നിഷ്ക്കളങ്ക സ്നേഹത്താലുണ്ടാകേണ്ടതാണ്. അതു നിബന്ധനകൾ ഇല്ലാത്തതാകണം. കുടുംബബന്ധങ്ങൾ തകരുന്നതിൽ അധിക പങ്കും ഇത്തരം കാഴ്ച്ചപ്പാടുള്ളതു കൊണ്ടാണ്. കുടുംബ ബന്ധം സ്ഥിരമായി സൂക്ഷിക്കാൻ കഴിയണമെങ്കിൽ പുരുഷനും സ്ത്രീയും അന്യോന്യം കടപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വത്തെ ശരിയായി മനസ്സിലാക്കണം. വെറും ശാരീരിക തൃപ്തിയോ, പണമോ, സ്വത്തോ ലക്ഷ്യമാക്കി വിവാഹം കഴിക്കുന്നവർ ദീർഘനാൾ പോകുകയില്ല. മറിച്ചു നിസ്വാർത്ഥവും നിർവ്യാജവുമായ സ്നേഹബന്ധം പുലർത്തണമെന്ന ആഗ്രഹത്തോടെ വിവാഹ ജീവിതത്തിലേർപ്പെടുന്നവർ ആജീവനാന്തം ഒരുമിച്ചു ജീവിക്കും. അതുപോലെ തന്നെയാണ് മാതാപിതാക്കളും സഹോദരങ്ങളും തമ്മിലുള്ള ബന്ധവും. വിവേക പൂർവ്വം കാര്യങ്ങളെ ഗ്രഹിക്കാൻ കഴിയുന്നവർ സമാധാനത്തോടെ കഴിയും.

ഇന്നത്തെ കാലാവസ്ഥ എല്ലാ രാജ്യങ്ങളിലും മാറിയിരിക്കയാണ്. കാരണം വികസനത്തിന്റെ പേരിൽ പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും നാശയോഗ്യമായി ഉപയോഗിക്കയാണ്. അതു നമുക്കു തന്നെ ഉപദ്രവമായിരിക്കുന്നു. അതു അധികം ആരും തിരിച്ചറിയുന്നില്ല. ഇന്നു നാം ശ്വസിക്കുന്ന വായുവും കുടിക്കുന്ന ജലവും ശുദ്ധമല്ല. അതിനുത്തരവാദി നാം തന്നെയാണ്. തലമുറകളെ ബാധിക്കുന്ന വികസനമോ പരിഷ്ക്കാരമോ അല്ല നമുക്കാവശ്യം. പ്രകൃതിയെ വികൃതമാക്കാതെയും പ്രകൃതി വിഭവങ്ങളെ മലിനമാക്കാതെയും വികസനവും പരിഷ്ക്കാരവും നടത്താമല്ലോ. അതോടൊപ്പം തന്നെ മനുഷ്യന്റെ അടിസ്ഥാന സ്വഭാവ രൂപീകരണവും വേണം. മനുഷ്യജീവിതം പരിഷ്കരിക്കപ്പെടണം എന്നു തന്നെയാണ് എന്റെ ആഗ്രഹം. മനുഷ്യൻ നന്നായില്ലെങ്കിൽ റോഡെത്ര വൃത്തിയാക്കിയാലും അവശിഷ്ടങ്ങൾ റോഡിൽ തള്ളും. കാരണം ഓരോരുത്തർക്കും അവരവരുടെ കാര്യം മാത്രം. ഞാൻ ചെയ്യുന്ന പ്രവൃത്തി മറ്റൊരാൾക്കു ദോഷമായി ഭവിക്കരുത് എന്ന ചിന്താഗതി വേണം.

ഇതിനെല്ലാം വേണ്ടതു ദൈവഭയവും ദൈവഭക്തിയുമാണ്. കുറ്റ കൃത്യങ്ങൾ പെരുകി വരുന്നതു ഒഴിവാക്കാൻ ആളുകളെ ബോധവൽക്കരിക്കണം. തിരുവചന യാഥാർത്ഥ്യം ആളുകൾ ശരിയായി മനസ്സിലാക്കിയാൽ അതു പ്രാവർത്തികമാക്കും. ഏതൊരു സമൂഹത്തിനും ആവശ്യമായ അറിവു ദൈവം വെളിപ്പെടുത്തിയി

ട്ടുണ്ട്. ഓരോരുത്തരും ബൈബിൾ വായിച്ച് മനസിലാക്കിയാൽ അതുപോലെ ജീവിക്കും. അതാണ് ശരിയായ ജീവിത പരിഷ്ക്കാരം. ആദ്യം ഓരോരുത്തരും സ്വയം ധാർമ്മികവും മതപരവും ആയ സമീപനത്തിൽ സമൂഹത്തിലെ തിന്മകളെ നിർമ്മാർജ്ജനം ചെയ്യണം. നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിനും മനസിനും വികസനവും പരിഷ്ക്കാരവും ഉണ്ടാകട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

★

## മനുഷ്യനു ദൈവം വേണം

J.C ചോട്ട്

ഈ ലോകത്ത് എല്ലാ രാജ്യങ്ങളിലും ശിശുക്കൾ പിറന്നു വീഴുന്നു. അവർ ആൺകുട്ടികളും പെൺകുട്ടികളുമായി വളരുന്നു. ക്രമേണ അവർ സ്ത്രീ പുരുഷന്മാരായിത്തീരുന്നു. മനുഷ്യർക്കു വിവിധ ആവശ്യങ്ങൾ ഉണ്ട്. അതിൽ ഭൗതികവും ആത്മികവും ഉൾപ്പെടുന്നു. ദൈവവും വേണം. ഈ ആവശ്യം നമ്മെ അവനുമായുള്ള ബന്ധത്തിലേക്കു വിരൽ ചൂണ്ടുന്നു. മനുഷ്യൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു എന്ന യാഥാർത്ഥ്യത്തിലേക്കു നമ്മെ എത്തിക്കുന്നതാണ് ആ ഊഷ്മളമായ ബന്ധം. നാം ദൈവം എന്നു പറയുമ്പോൾ, സ്വർഗ്ഗസ്ഥനും സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ സൃഷ്ടികർത്താവെന്നു നാം മനസിലാക്കണം. മനുഷ്യരെ മാത്രമല്ല, മനുഷ്യർക്കാവശ്യമായതെല്ലാം അവൻ സൃഷ്ടിച്ചു. ഇതെല്ലാം പറയുമ്പോൾ ദൈവത്തിന്റെ പരമോന്നതമായ അവസ്ഥ, കഴിവ് എന്നിവ വെളിപ്പെടുന്നു. എല്ലാ സൃഷ്ടികളും ദൈവത്തിന്റെ മഹിമയെ വർണ്ണിക്കുകയാണ്.

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്നു ബൈബിളിൽ ഉല്പത്തി 1:1-ൽ നാം വായിക്കുന്നു. അതേ അദ്ധ്യായം 27-ാം വാക്യത്തിൽ ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യരെ സൃഷ്ടിച്ചു എന്നു പറയുന്നു. സ്ത്രീയെ പുരുഷനിൽ നിന്നു വേർപെടുത്തുകയായിരുന്നു. അങ്ങനെ മനുഷ്യർ എന്നു പറയുന്നതു സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്നതാണ്.

ആദ്യത്തെ പുരുഷനെയും സ്ത്രീയെയും, സൃഷ്ടിച്ചത് അത്ഭുതകരമായിട്ടാണ്. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണ്.

സൃഷ്ടിക്കു സൃഷ്ടിക്കുവാനുള്ള കഴിവില്ല. പ്രത്യുല്പാദനശേഷി മനുഷ്യർക്കും മറ്റെല്ലാ ജീവനുള്ളവക്കും നല്കിയിരിക്കയാണ്. ആദ്യം എല്ലാം ദൈവത്തിന്റെ വചനത്താൽ ഉളവായി. പിന്നീട് നിലനില്ക്കേണ്ടതി നും തുടരേണ്ടതിനും പ്രകൃതി നിയമവും രൂപപ്പെടുത്തി. അതിനുശേഷം എല്ലാം അതാതിന്റെ ഫലം പുറപ്പെടുവിക്കാൻ തുട ങ്ങി. അങ്ങനെ മനുഷ്യരും പക്ഷി മൃഗാദികളും പെറ്റുപെരുകാൻ തുടങ്ങി. ഇതു ദൈവം അനുഗ്രഹിച്ചതിന്റെ ഫലമാണ്.

ദൈവത്തിന്റെ സൃഷ്ടികളെക്കുറിച്ചു ദാവീദ് സങ്കീർത്തനങ്ങൾ 19:1-3 വാക്യങ്ങളിൽ വിവരിക്കുന്നതു: "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു, ആകാശ വിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു; പകൽ പകലിന്നു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു; ഭാഷണമില്ല, വാക്കുകളില്ല. ശബ്ദം കേൾപ്പാനുമില്ല". ദൈവത്താൽ സൃഷ്ടിക്കപ്പെട്ട വസ്തുക്കൾ പോലും ദൈവവുമായുള്ള ബന്ധം അവ കാത്തു സൂക്ഷിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടികളിൽ മനുഷ്യർ ഒഴിച്ച് എല്ലാം ദൈവത്തെ നന്ദിയോടെ സ്തുതിക്കുന്നു. മനുഷ്യരോ തങ്ങളുടെ സംസാരം കൊണ്ടും പ്രവൃത്തികൊണ്ടും അവനെ കോപിപ്പിക്കുന്നു. അതേ സമയം മനുഷ്യന്റെ ഉള്ളിൽ ദൈവത്തിനു വേണ്ടിയുള്ള ഒരു വാക്കും അടങ്ങിയിട്ടുണ്ട്. മനുഷ്യൻ വ്യത്യസ്തതയുള്ളവനാണ്. അവനിൽ ഭൗതികവശവും ആത്മികവശവും ഉണ്ട്. ദൈവം നമ്മെ ഉണ്ടാക്കിയിരിക്കുന്നതു അവന്റെ സാദൃശ്യത്തിലാണ്. അതായതു സൃഷ്ടിച്ചപ്പോൾ മനുഷ്യനിൽ ആത്മാവിനെ തന്നിരിക്കുന്നു. ശരീരം മണ്ണിലേക്കു തിരികെ ചേരും. മനുഷ്യൻ മരിക്കുമ്പോൾ ശരീരമാണ് നശിക്കുന്നത്. ആത്മാവിനു മരണമില്ല ആത്മാവു നിത്യമായി ജീവിക്കും. മനുഷ്യന്റെ മരണത്തെക്കുറിച്ചു സഭാ പ്രസംഗിയിൽ പറയുന്നത് "പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും" (സഭാപ്രസംഗി 12:7)

ജ്ഞാനിയായിരുന്ന ശലോമോൻ സൃഷ്ടികർത്താവിനെ തിരിച്ചറിയുകയും സമ്മതിക്കുകയും ചെയ്തു. "ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" (സങ്കീർത്തനങ്ങൾ 14:1). ദൈവം ആരാണെന്നു വിശുദ്ധ ബൈബിളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവത്തെ അന്വേഷിക്കുന്നവർ ധാരാളമുണ്ട്. പക്ഷെ അവർ

ശരിയായ രീതിയിലല്ല അന്വേഷിക്കുന്നത്. വിഗ്രഹങ്ങളിലും രൂപങ്ങളിലും ദൈവം ഉണ്ടെന്ന സങ്കല്പത്താൽ ദൈവത്തെ തപ്പി നോക്കുന്നവരുണ്ട്. അവർക്കു ദൈവത്തെ കാണാൻ സാദ്ധ്യമല്ല. ദൈവം ക്ഷേത്രങ്ങളിലും പള്ളികളിലും വസ്തുക്കളിലും അല്ല വസിക്കുന്നത്. ദൈവം മനുഷ്യ ഹൃദയങ്ങളിൽ വസിപ്പാനാണ് ആഗ്രഹിക്കുന്നത്.

മനുഷ്യർക്കു ബുദ്ധിയുണ്ട്. നമുക്കു ചിന്തിക്കാനുള്ള കഴിവുണ്ട്. തീരുമാനങ്ങൾ എടുക്കാൻ കഴിയും, അവനവന്റെ ഇഷ്ടപ്രകാരം ഓരോന്നു തിരഞ്ഞെടുക്കയും, ചിലതു ചെയ്യുകയും മറ്റു ചിലതു ചെയ്യാതിരിക്കയും ചെയ്യും. മനുഷ്യനു ഈ കഴിവുകൾ ദൈവം നല്കിയിരിക്കുന്നതു കൊണ്ടു അഹങ്കരിക്കാനും സാദ്ധ്യതയുണ്ട്. താൻ പ്രാധാന്യമുള്ളവനാണ്. താൻ ദൈവത്തിനു തുല്യമാണെന്ന തോന്നലും അവനിൽ വരാം. അങ്ങനെ ദൈവത്തെ അറിയാതെ പരാജയപ്പെടുന്ന അവസ്ഥയുണ്ടാകും. അവനു ചിന്തിക്കാൻ കഴിവുണ്ടെങ്കിലും, ഈ പറഞ്ഞതെല്ലാം ചെയ്യുവാനുള്ള കഴിവുണ്ടെങ്കിലും, അവന്റെ സൃഷ്ടികർത്താവുമായി താരതമ്യം ചെയ്താൽ അവൻ ചെറുതു തന്നെയാണ്.

മനുഷ്യൻ പാപിയാണ്. അവൻ നഷ്ടപ്പെട്ടവനായി. അതുകൊണ്ട് സഹായം ആവശ്യമായിരിക്കുന്നു. അവനു പാപമോചനം അത്യന്താപേക്ഷിതമായി തീർന്നു. ഈ സാഹചര്യത്തിൽ മനുഷ്യരെ സഹായിക്കാൻ ദൈവത്തിനേ കഴിയൂ. കാരണം പാപങ്ങളിൽ നിന്നു നമുക്കു സ്വയമായി മോചിക്കപ്പെടാൻ കഴിവില്ല.

നാം പാപം കൂടാതെയാണ് ഈ ലോകത്തിലേക്കു വന്നത്. നമ്മുടെ പൂർവ്വപിതാക്കന്മാരുടേയോ മാതാപിതാക്കളുടേയോ പാപം നാം അവകാശമാക്കുന്നില്ല. ദൈവത്തിന്റെ പ്രവാചകനായിരുന്ന യെഹെസ്ക്കേൽ പറഞ്ഞു, "മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട: നീതിമാന്റെ നീതി അവന്റെ മേലും; ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും. എന്നാൽ ദുഷ്ടൻ തന്റെ സകല പാപങ്ങളെയും വിട്ടുതിരിഞ്ഞ് എന്റെ ചട്ടങ്ങളെ ഒക്കെയും പ്രമാണിച്ചു നീതിയും ന്യായവും പ്രവർത്തിക്കുന്നു എങ്കിൽ, അവൻ മരിക്കാതെ ജീവിച്ചിരിക്കും" (യെഹെസ്ക്കേൽ 18:20–21).

ഒരു ശിശു വളർന്നു നന്മയും തിന്മയും തിരിച്ചറിയാവുന്ന പ്രായമെത്തിയ ശേഷം ചെയ്യുന്ന അധർമ്മമേ പാപമായി

തീരുന്നുള്ളു. മനസ്സിലാക്കലിൽ പ്രായ വ്യത്യാസം കണ്ടേക്കാം. അതിനർത്ഥം പ്രായ പക്വതയിലെത്തിയവരാണ് പാപികൾ എന്നാണ്. അങ്ങനെ ഉള്ളവരാണ് നഷ്ടപ്പെട്ടവർ, അവർ മാനസാന്തരപ്പെട്ട് ദൈവത്തിലേക്കു തിരിഞ്ഞില്ലെങ്കിൽ അവരെ ദൈവം ശിക്ഷിക്കും. നമുക്കു നമ്മെ രക്ഷിക്കാൻ കഴിയാത്തതുകൊണ്ടും സൽപ്രവൃത്തികൾ കൊണ്ട് രക്ഷിക്കപ്പെടാൻ കഴിയാത്തതു കൊണ്ടും നാം അതിനായി ദൈവത്തെ ആശ്രയിക്കണം. മനുഷ്യ നിർമ്മിത മതത്തെ ആശ്രയിച്ചാലും ഫലമില്ല. ദൈവത്തിൽ മാത്രം ആശ്രയിക്കുക. ദൈവം തന്റെ കരുണയാലും കൃപയാലും തന്റെ ഏകജാതനായ പുത്രനെ നമുക്കു വേണ്ടി യാഗമാകുവാൻ അനുവദിച്ചു. ഇതു തികച്ചും ദൈവസ്നേഹത്തെയാണ് കാണിക്കുന്നത്.

എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സില്ലാത്തവരായി (റോമർ 3:23). നാം പാപികൾ ആയിരുന്നപ്പോൾ അഭക്തരായ നമുക്കു വേണ്ടി അവൻ മരിച്ചു. നീതിമാനു വേണ്ടി ചിലപ്പോൾ ആളുകൾ മരിച്ചേക്കാം. എന്നാൽ പാപികൾക്കു വേണ്ടി മരിക്കുന്നതു ദുർല്ലഭം. അങ്ങനെ നിരപരാധിയായ യേശുവിന്റെ രക്തം നമ്മുടെ വീണ്ടെടുപ്പിനായി നല്കി. നീതിയില്ലാത്തവരെ നീതീകരിക്കുവാൻ നീതിമാന്റെ മരണം ദൈവനീതി നിറവേറ്റി (റോമർ 5:8–9).

ഇതിന്റെ എല്ലാം ചുരുക്കം, ദൈവം നമ്മെ സൃഷ്ടിച്ചു; നാം ഈ ലോകത്തിൽ പാപം കൂടാതെ വന്നു. എന്നാൽ പാപം എന്തെന്നു തിരിച്ചറിഞ്ഞപ്പോൾ നാം പാപികളായി. നമ്മുടെ ആവശ്യം അറിഞ്ഞ ദൈവം യേശുവിനെ അയച്ചു. അവൻ നമുക്കു വേണ്ടി മരിച്ചു. നാം ദൈവത്തിൽ വിശ്വസിച്ചു, ക്രിസ്തുവിന്റെ ഉപദേശങ്ങൾ അനുസരിച്ചു കഴിയുമ്പോൾ അവൻ നമ്മെ രക്ഷിക്കും. ഇതിൽ നമ്മുടെ പാപങ്ങളിൽ നിന്നുള്ള മാനസാന്തരവും, ക്രിസ്തു ദൈവപുത്രനെന്നു ഏറ്റു പറച്ചിലും, വെള്ളത്തിൽ പാപമോചനത്തിനായുള്ള സ്നാനവും ഉൾപ്പെടുന്നു (മർക്കൊസ് 16:16; പ്രവൃത്തി 2:38). നാം ഇത്രയും ചെയ്യുമ്പോൾ കർത്താവു നമ്മെ രക്ഷിച്ചു അവന്റെ സഭയിലേക്കു ചേർക്കുന്നു (പ്രവൃത്തി 2:47). ഇതു വളരെ ലളിതമല്ലേ? തുടർന്നു മരണത്തോളം വിശ്വാസത്തോടെ ജീവിച്ചാൽ, അവൻ നിത്യജീവൻ എന്ന വാഗ്ദാനവും തരും (വെളിപ്പാട് 2:10).

സ്ത്രീകൾക്കു വേണ്ടി

# തെറ്റായ തീരുമാനങ്ങൾ– നിത്യമായ ഫലങ്ങൾ

ബെറ്റി ബർട്ടൺ ചോട്ട്

പ്രായ പൂർത്തിയായവർ മിക്കവാറും എല്ലാ ദിവസങ്ങളിലും ജോലിക്കു പോകും. ചിലർ ദീർഘദൂരം നടന്നു വയലിൽ ജോലിക്കായി പോകും. മറ്റുള്ളവർ വാഹനങ്ങളിൽ യാത്ര ചെയ്തു ജോലിക്കായി പോകും – സൈക്കിളിലോ, ബൈക്കിലോ, ബസിലോ, ട്രെയിനിലോ, കാറിലോ യാത്ര ചെയ്തു ജോലി ചെയ്യുന്നവരുമുണ്ട്. ഒരാളുടെ ജോലിസ്ഥലത്തേക്കു പോകുന്നതു വളരെ ശ്രമകരം തന്നെ. എങ്കിലും ജീവിക്കുവാനായി, ആഹാരത്തിനായി, വാടക കൊടുക്കാൻ, അല്ലെങ്കിൽ സാമ്പത്തിക ഭദ്രതക്കായി ഓരോരുത്തരും ജോലി എന്ന ഉത്തരവാദിത്വം ശമ്പളം വാങ്ങുവാനായി നിറവേറ്റുന്നു.

ഇതിനെതിരായി, ദൈവം തനിക്കായി ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. പുതിയ ആഴ്ചയുടെ തുടക്കമായി, തന്നോടും സഹമനുഷ്യരോടുമുള്ള ബന്ധം ഊഷ്മളമാക്കുവാനും അടുക്കുവാനും ദൈവം ആഗ്രഹിക്കുന്നു. പുതിയ നിയമത്തിൽ, ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആരാധിക്കുവാൻ കൂടി വന്നിരുന്നതായി സൂചിപ്പിക്കുന്ന നിരവധി വാക്യങ്ങൾ ഉണ്ട്. ആ ദിവസത്തെ നാം ഞായറാഴ്ച്ച എന്നു വിളിക്കുന്നു.

ക്രിസ്ത്യാനികളിൽ ചിലർ, ആരാധിക്കാതിരിക്കാൻ ഒഴിവു കഴിവുകൾ കണ്ടെത്താറുണ്ട്. അസൗകര്യങ്ങളും ചെലവുകളും ഇതിനായി അവർ എടുത്തു കാണിക്കും. ചിലർ തങ്ങളുടെ മനസ്സാക്ഷിയിൽ ചൂട്ടു വെച്ചവരായി പറയും "ഓ ഞാൻ വീട്ടിലിരുന്നു പ്രാർത്ഥിക്കും" വേറെ ചിലർ പറയും "എനിക്കു ഒഴിവുള്ളതു ആകെ ഒരു ദിവസമാണ്. അന്ന് എനിക്ക് ഒരുപാടു കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്". ചിലർ ഉപദേഷ്ടക്കൻമാരുടെ പ്രസംഗത്തെ പഴിക്കും. "എനിക്ക് ആരാധനയിൽ നിന്നു ഒന്നും കിട്ടുന്നില്ല" എന്നു പറയും.

ചില സാഹചര്യത്തിൽ ഭർത്താവു ആരാധനക്കു പോകയും ഭാര്യയെയും മക്കളെയും വീട്ടിലിരുത്തും. അവരെ ആരാധനയിൽ

പങ്കെടുപ്പിക്കേണ്ടതിന്റെ പ്രാധാന്യം അയാൾ മനസിലാക്കുന്നില്ല. പ്രത്യേകമായി ആരാധനാസ്ഥലം ദൂരെയാണെങ്കിൽ. യാത്ര അവർക്കു ഒരു പ്രശ്നമായിത്തീരുന്നു. അയാൾ വിചാരിക്കും "ഇപ്പോൾ താൻ മാത്രം പോകാം. കുട്ടികൾ വളർന്നു കഴിഞ്ഞ് എല്ലാവരുമായി പോകാം".

അത്തരം ഒഴികഴിവുകളിലും മനോഭാവത്തിലും ഉള്ള തെറ്റ് എന്താണ്? യേശു ഈ ഭൂമിയിലായിരുന്നപ്പോൾ തന്റെ ശുശ്രൂഷയിൽ എല്ലാം തന്നെ "വരുവിൻ, എന്നെ അനുഗമിക്ക" എന്നാണ് പറഞ്ഞത്. എല്ലാറ്റിലും മുമ്പേ, എല്ലാവരേക്കാളും മുമ്പെ തന്നെ കണക്കാക്കണം എന്നാണ് കർത്താവു അരുളിച്ചെയ്തത് "മുമ്പെ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ എല്ലാം നിങ്ങൾക്കു ലഭിക്കും എന്നാണ്. (മത്തായി 6:33).

നമുക്കു നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിയണം. ക്രിസ്തുവിനു മുൻഗണന കൊടുക്കാതിരിക്കാനാണ് ഇത്തരം പരീക്ഷണങ്ങൾ എന്നറിയുക. ഏതു തടസത്തെയും തട്ടി നീക്കി ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കണം എന്ന നിലപാടെടുക്കണം. കാരണം താല്ക്കാലിക നേട്ടങ്ങളേക്കാൾ സ്ഥിരമായ അനുഗ്രഹങ്ങളാണ് നമുക്കാവശ്യം. ആ ഒരു മനസ്സാണ് നമുക്കു വേണ്ടത്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ എന്തു ത്യാഗവും നാം സഹിക്കണം. ദൈവത്തിന്റെ പ്രതിഫലം ലഭിക്കുവാൻ അതല്ലാതെ മറ്റു മാർഗ്ഗമില്ല.

ചിലർ ചെയ്യുന്നതു പോലെ നിങ്ങളുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചു കൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തിക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചു കൊൾക. നാൾ സമീപിക്കുന്നു എന്നു കാണും തോറും അതു അധികം അധികമായി ചെയ്യേണ്ടതാകുന്നു (എബ്രായർ 10:24-25).

മനപ്പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഒരു യാഗവും അവശേഷിക്കുന്നില്ല. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷം ചെയ്യുന്ന പാപം കരുതിക്കൂട്ടി ചെയ്യുന്നതാണ്. ക്രിസ്തുവിനോടുള്ള കൂട്ടായ്മയേക്കാൾ പ്രാധാന്യം മറ്റു കാര്യങ്ങൾക്കു നാം കൊടുക്കുമ്പോൾ അതു മനപ്പൂർവ്വമായ തീരുമാനമാണ്. അങ്ങനെ ഉള്ളവർക്കു പിന്നെ ദൈവത്തിന്റെ ന്യായവിധിയും ശിക്ഷയും മാത്രമെയുള്ളു. അവർ കൃപയുടെ ആത്മാവിനെ നിന്ദിക്കുന്നവരും കർത്താവിന്റെ വിശുദ്ധീകരണ രക്തത്തെ മലിനമാക്കി കളയുക

യുമാണ് ചെയ്യുന്നത്.

മോശെയുടെ കല്പന ലംഘിക്കുന്നവരെ പഴയ നിയമകാലയളവിൽ കരുണ കൂടാതെ മരണ ശിക്ഷക്കു വിധിക്കുമായിരുന്നു. എന്നാൽ പുതിയ നിയമം കൃപയുടെയും സത്യത്തിന്റേതുമാണ്. പക്ഷെ ആ കൃപയെയും സത്യത്തെയും നാം അഗണ്യമായി വിചാരിച്ചാൽ പിന്നെ ശിക്ഷയിൽ നിന്നു ഒഴിഞ്ഞു മാറാൻ സാദ്ധ്യമല്ല. ദൈവത്തെ നാം ഉപേക്ഷിച്ചാൽ ദൈവവും നമ്മെ ഉപേക്ഷിക്കും. നാം ദൈവത്തെ മുൻപിൽ നിറുത്തേണ്ടതിനു പകരം പിന്നിലേക്കു മാറ്റിയാൽ ദൈവവും നമ്മെ പുറകിലേക്കു മാറ്റും. അതിനു മാറ്റമില്ല.

ക്രിസ്ത്യാനികൾ എന്തുകൊണ്ട് ഒന്നിച്ചു കൂടി ആരാധിക്കണം എന്നതിനു മതിയായ കാരണങ്ങൾ ഉണ്ട്. ദൈവഹിതം എന്തെന്നു അവൻ വെളിപ്പെടുത്തിയിട്ടുണ്ട്.

- ദൈവത്തെ നമസ്ക്കരിക്കുവാൻ. സഭയുടെ കൂടി വരവിന്റെ ഒരു മനോഹരചിത്രം എബ്രായർ 12:22–24 വാക്യങ്ങളിൽ വിശദമായി വരച്ചു കാണിക്കുന്നുണ്ട്. "പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യ ജാതന്മാരുടെ സഭയ്ക്കും എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിന്റെ അടുക്കൽ അത്രേ നിങ്ങൾ വന്നിരിക്കുന്നത്".
- ക്രിസ്തുവിന്റെ യാഗത്തെ ഓർമ്മിക്കുവാൻ. പ്രവൃത്തി 20:7–ൽ രേഖ വ്യക്തമാക്കുന്നത് സഭയുമായി ആരാധിക്കേണ്ടതിനു പൗലൊസ് ത്രോവാസിൽ തന്നെ ഒരാഴ്ച്ച താമസിച്ചു എന്നാണ് "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതു കൊണ്ടു അവരോടു സംഭാഷിച്ചു പാതിരവരെയും പ്രസംഗം നീട്ടി.
- ദൈവവചനം ഒരുമിച്ചിരുന്നു കേട്ടു പഠിക്കുവാൻ. "സത്യ വചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്ക്കാൻ ശ്രമിക്ക" (2 തിമൊഥെയൊസ് 2:15). എന്താണ്

കാരണം? എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ള താകുന്നു (2 തിമൊഥെയൊസ് 3:16, 17).

- കൂട്ടായ്മയിൽ നിന്നു അന്യോന്യം ശക്തി ലഭിക്കുവാൻ.

"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്" എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു (മത്തായി 18:20). സ്നേഹത്തിലും സൽപ്രവൃത്തിയിലും അന്യോന്യം പ്രബോധിപ്പിക്കണമെന്നു നാം എബ്രായർ 10:25-ൽ കാണുകയുണ്ടായല്ലോ. സഹോദരന്മാരുമായി കാണുകയോ കൂട്ടായ്മ ആചരിക്കുകയോ ചെയ്യാതെ എങ്ങനെ പ്രബോധിപ്പിക്കാനും ശക്തിപ്പെടുവാനും കഴിയും?

ദൈവത്തെ ആരാധിക്കുവാൻ നാം കൂടി വരാതിരുന്നാൽ നമ്മുടെ ജീവിതം ശരിയായ തുലനാവസ്ഥയിലാകുന്നില്ല. ഒരു ക്രിസ്ത്യാനി ആരാധന മുടക്കുന്ന ഓരോ സമയത്തും ദൈവത്തേക്കാൾ പ്രാധാന്യം മറ്റൊന്നിനു കൊടുക്കുകയാണ്. അത്തരം മാതൃക അയാൾ ബന്ധപ്പെടുന്നവർക്കു കാണിച്ചു കൊടുക്കുന്നത് ദൈവത്തിനോ ആരാധനക്കോ പ്രാധാന്യമില്ല എന്നാണ്. പ്രത്യേകിച്ച് അവരുടെ മക്കൾക്കു ദൈവവചനം പഠിക്കുവാനോ ദൈവവചന പരിജ്ഞാനത്തിൽ വളരുവാനോ സഹായിക്കാത്തവർ അവരെ ലൗകിക ജീവിതത്തിലേക്കു തള്ളി വിടുകയാണ്.

ഒരു പക്വതയുള്ള ക്രിസ്ത്യാനി ശാരീരികമായ ശേഷിയില്ലെങ്കിൽ മാത്രം ആരാധന മുടക്കുകയും അല്ലാതെ മറ്റൊരു കാരണത്താലും ആരാധന മുടക്കാതിരിക്കയുമെന്ന തീരുമാനം എടുക്കണം. ഈ തീരുമാനത്തിൽ നിന്നു മാറുന്ന വേറൊരു തീരുമാനവും എടുക്കരുത്. കാരണം നാം ദൈവത്തിനും ദൈവമക്കൾക്കും ഉള്ളവരാണ്. നാം നമ്മുടെ രക്ഷയുടെ മാഹാത്മ്യത്തെ തിരിച്ചറിയുന്നവരും ദൈവത്തോടുള്ള ഉപകാരസ്മരണ നിലനിർത്തുന്നവരുമാണ്. അങ്ങനെ ഓരോ ക്രിസ്ത്യാനിയും സഭ കൂടി വരുമ്പോഴൊക്കെ സഹിതരാകും.

ആരാധനയെ സംബന്ധിച്ച തെറ്റായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ ദയവായി ദൈവനിർദ്ദേശങ്ങൾ നോക്കി പ്രാർത്ഥനയോടെ തെറ്റു തിരുത്തുക. തെറ്റു നമ്മെ നിത്യശിക്ഷാ

വിധിയിലേക്കു നയിക്കും എന്നോർക്കുക. നിങ്ങളെയും എന്നെയും രക്ഷിപ്പാൻ ദൈവം വലിയ വില കൊടുത്തതാണ് - തന്റെ ഏക ജാതന്റെ മരണം. തിരിച്ച് നിങ്ങളും നിങ്ങൾക്കുള്ളതും എല്ലാം ദൈവത്തെ സേവിക്കുന്നതിനും ആരാധിക്കുന്നതിനും സമർപ്പിക്കണം. ഈ ഒരു മനോഭാവത്തോടെ മാത്രമെ നമുക്കു നിത്യമായി രക്ഷിക്കപ്പെടാൻ കഴിയു.

★

## നാം "അതിരുകളെ വലുതാക്കുന്നുവോ"?

**ദില്ലാർഡ് തർമാൻ**

കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അന്നത്തെ മതാദ്ധ്യക്ഷന്മാരുടെ വില കുറഞ്ഞ കപട ഭക്തിയെയും വ്യഥാഭിമാനത്തെയും സഹിച്ചില്ല എന്നു കാണാം. യേശു, കപടഭക്തിക്കാരായ പരീശന്മാരെയും ശാസ്ത്രിമാരെയും വളരെ കഠിനമായി ശാസിക്കുകയുണ്ടായി. അവരുടെ പൊള്ളയായ നാട്യവും വ്യർത്ഥമായ പുറം ഭക്തിയെയും ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു: "ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതു ഒക്കെയും പ്രമാണിച്ചു ചെയ്‌വിൻ; അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുതു താനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലൊ. അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെക്കുന്നു; ഒരു വിരൽ കൊണ്ടു പോലും തൊടുവാൻ അവർക്കു മനസില്ല. അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യൻ കാണേണ്ടതിന്നത്രേ ചെയ്യുന്നത്; തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു" (മത്തായി 23: 2-7).

മുകളിൽ പറഞ്ഞ മതഭക്തരുടെ കാപട്യത്തെ എന്തു ചെയ്യണമെന്നാണ് കർത്താവു പറഞ്ഞത്? മാതൃകയില്ലാത്ത ജീവിതം നയിക്കുന്നവരെ നോക്കുകയല്ല വേണ്ടത്. ഓരോരുത്തരും അവനവന്റെ ജീവിതം സൂക്ഷിക്കണം. പരീശന്മാരുടെ പുളിച്ച മാവു സൂക്ഷിച്ചുകൊൾവിൻ എന്നു കർത്താവു മുന്നറിയിച്ചിരിക്കുന്നത് അവരുടെ കപട ഭക്തിയെയാണ് (ലൂക്കൊസ് 12:1). നാം നമ്മുടെ ജീവിതത്തെ സൂക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവരുടെ ദുഃസ്വഭാവം

നമ്മെ ബാധിക്കാതെയും നോക്കണം.

## വിശാലമായ മന്ത്രപ്പട്ടകളെ സ്നേഹിക്കൽ!

ഇന്ന് ധാരാളം ആളുകൾ അവരുടെ കൈകളിൽ വിവിധ നിറത്തിലുള്ള ചരടുകൾ കെട്ടിയിരിക്കുന്നതു കാണാം. ചിലർ വീതിയുള്ള മന്ത്രവാദപ്പട്ട കെട്ടാറുണ്ട്. ചിലർ അതിനെ രക്ഷ എന്നു വിളിക്കും. അവരുടെ വിശ്വാസം ആ മന്ത്രവാദച്ചരട് അവരെ വിപത്തുകളിൽ നിന്നു രക്ഷിക്കും എന്നാണ്. പഴയ നിയമ കാലത്തു യെഹൂദന്മാർ ന്യായപ്രമാണം എഴുതിയ തോൽ നെറ്റിയിൽ കെട്ടിയാണ് അവർ പ്രാർത്ഥിച്ചിരുന്നത്. അല്ലെങ്കിൽ അവർ ഇടതു കയ്യിൽ കെട്ടിയിരിക്കും. ഇതു പുരുഷന്മാരാണ് അവരുടെ പ്രഭാത പ്രാർത്ഥനക്കു ചെയ്തിരുന്നത്. യിസ്രായേൽ ജനത്തോട് ദൈവം പറഞ്ഞതു ഒരു ചടങ്ങായി അവർ തരം താഴ്ത്തിക്കളഞ്ഞു. യഹോവ പറഞ്ഞതു അവരുടെ ജീവിതത്തിൽ എപ്പോഴും ദൈവ കല്പന പ്രാവൃത്തികമാക്കുകയാണ് വേണ്ടതെന്നാണ്. അവർ അതിനെ ബാഹ്യമായ ആചാരമാക്കി. ദൈവം അരുളിച്ചെയ്ത വേദഭാഗങ്ങൾ, പുറപ്പാട് 13:2–16; ആവർത്തനപുസ്തകം 11:13–21; പുറപ്പാട് 13:16 ഉം വായിക്കുക. യേശു തന്റെ കാലത്തെ നാട്യക്കാരോട് അവർ വചനം അനുസരിക്കുന്നില്ല എന്നാണ് ചൂണ്ടിക്കാട്ടിയത്.

"അവർ അവരുടെ മന്ത്രപ്പട്ടയും തൊങ്ങലും വലുതാക്കിയിരിക്കയാണ്." അതു അർത്ഥമാക്കുന്നതു ദൈവ കല്പനയേക്കാൾ അവർ ഇത്തരം ഭൗതികമായ, പൊള്ളയായ കാര്യങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നതു എന്നാണ്. അതായതു മുൻഗണന കൊടുക്കുന്നതു അന്ധവിശ്വാസങ്ങൾക്കാണ്. പുറമെ അവരുടെ ഭക്തി ദൃശ്യമാക്കും പക്ഷെ അവരുടെ ജീവിതവും പൊള്ളയായിരിക്കും. ഇതുപോലെയുള്ള വ്യർത്ഥമായ അനുഷ്ഠാനങ്ങളെ ദൈവം വെറുക്കുന്നു എന്ന കാര്യം അവർ വിസ്മരിക്കുകയാണ്. അവരുടെ സകല പ്രവൃത്തികളും മനുഷ്യരെ കാണിക്കേണ്ടതിനു ചെയ്യുന്നു. ദൈവത്തെ പ്രസാദിപ്പിക്കണം എന്ന ലക്ഷ്യം ഉണ്ടായിരുന്നെങ്കിൽ അവർ ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിക്കുമായിരുന്നു.

## വീതിയുള്ള മന്ത്രപ്പട്ടക്കു പുറകിൽ ഒളിച്ചിരിക്കുന്നു!

പരീശന്മാർക്കും ശാസ്ത്രിമാർക്കും ന്യായപ്രമാണം അറിയാമായിരുന്നു. അതെങ്ങനെ പ്രമാണിക്കണം എന്നു അവർ ആളുകളെ പഠിപ്പിച്ചിരുന്നു. എന്നാൽ അവരുടെ വ്യക്തിപരമായ

ജീവിതത്തിൽ ആ നിലവാരം പുലർത്തുന്നില്ല! അവർ മറ്റുള്ളവരോട് പറയുന്ന നിർദ്ദേശങ്ങൾ അവർക്കു പിൻപറ്റുവാൻ കഴിഞ്ഞിരുന്നില്ല. അവർ കഠിനമായ നിർദ്ദേശങ്ങളാണ് ആളുകളിൽ നിന്നും ആവശ്യപ്പെട്ടത്. പക്ഷെ അതിൽ ചെറിയൊരു അംശം പോലും അവർക്കു നിർവ്വഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് യേശു പറഞ്ഞതു അവർ വലിയ ചുമട് ആളുകളുടെ ചുമലിൽ വെച്ചു കൊടുക്കുന്നു. അതിനെ ഒരു വിരൽ കൊണ്ടു പോലും മാറ്റുവാൻ അവർ ശ്രമിക്കുന്നില്ല എന്ന്. അവരുടെ തെറ്റായ മതപരസമീപനം തികച്ചും കഴമ്പില്ലാത്തതായിരുന്നു. അവരുടെ മനോഭാവം കർത്താവിന്ന് എതിരായിരുന്നു. ഈ സ്വയനീതീകരണ മനോഭാവമുണ്ടായിരുന്ന പരീശന്മാർ, യേശുവിൽ വിശ്വസിച്ച പ്രമാണിമാരിൽ തിന്മയുടെ സ്വാധീനം ചെലുത്തി.

"എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റു പറഞ്ഞില്ല താനും അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരുടെ മാനത്തെ അധികം സ്നേഹിച്ചു" (യോഹന്നാൻ 12:42–43). ഈ കപട ഭക്തിക്കാർ മനുഷ്യരുടെ പ്രശംസയും പുകഴ്ച്ചയും ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് അവരുടെ മന്ത്രപ്പട്ട എത്ര വലുതാക്കാമോ അത്രയും വലുതാക്കി! അല്പം ആത്മാർത്ഥത ദൈവത്തോടുണ്ടായിരുന്നെങ്കിലും അവർ ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുമായിരുന്നു. ഇക്കാരണത്താൽ യേശു അവരോട് പറഞ്ഞു: "നിങ്ങൾ നിങ്ങളെത്തന്നെ മനുഷ്യരുടെ മുമ്പാകെ നീതീകരിക്കുന്നവർ ആകുന്നു; ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ മുമ്പാകെ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറെപ്പത്രേ" (ലൂക്കൊസ് 16:15)

## നിങ്ങളുടെ മന്ത്രപ്പട്ടകൾ എന്താണ് വെളിപ്പെടുത്തുന്നത്?

ഈ കാലത്തും കാപട്യവും, വ്യഥാഭിമാനവും, പൊള്ളയായ മതഭക്തിയും കാണപ്പെടുന്നുണ്ട്. നാട്യമായി മതഭക്തി പണ്ടുണ്ടായിരുന്നവരെ പോലെ കാണപ്പെടുന്നില്ല. എങ്കിലും, സൽപ്രവൃത്തി ചെയ്തു മനുഷ്യരുടെ കയ്യടി വാങ്ങുന്നവരുണ്ട്. അടുത്ത സമയത്തു ഒരാൾ തന്റെ പ്രവൃത്തികളുടെ മാഹാത്മ്യം വെളിപ്പെടുത്തി സംസാരിക്കുന്നതു കേട്ടു. ആ സ്വയം പ്രശംസ തിരുവെഴുത്തിനെതിരാണ്. എന്താണ് ബൈബിൾ പറയുന്നത്? "നിന്റെ വായല്ല, മറ്റൊരു

ത്തൻ, നിന്റെ അധരമല്ല വേറൊരുത്തൻ നിന്നെ സ്തുതിക്കട്ടെ." (സദൃശവാക്യങ്ങൾ 27:2). നാം ആളുകൾക്കു മുമ്പിൽ വലിയൊരു കൂത്തു കാഴ്ചയായി തീരുവാൻ അനുവദിക്കുമ്പോൾ അതു ആളുകളെ നമ്മിലേക്കു ആകർഷിക്കാൻ ആഗ്രഹിക്കയാണ്. ലോകത്തെ ദൈവത്തിലേക്കു ആകർഷിക്കുക എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടേയും ലക്ഷ്യം. സുവിശേഷത്തിനു തടസമായി തീരുന്ന ഒന്നും നമ്മിൽ നിന്നു വരരുത്. സുവിശേഷകന്മാരും ഉപദേഷ്ടാക്കന്മാരും ദൈവിക സന്ദേശത്തിനും മാതൃകക്കും ഊന്നൽ കൊടുക്കണം. സ്ഥാനത്തിനപ്പുറമായ ആവിഷ്ക്കാരത്താൽ ആളുകളെ ആകർഷിക്കുവാൻ തന്ത്രങ്ങൾ മെനയരുത്.

ദൈവസന്നിധിയിൽ താഴുവാനുള്ള മനോഭാവം വേണം. നാം നമ്മെത്തന്നെ ഉയർത്തി കാണിക്കാൻ ആഗ്രഹിച്ചാൽ ദൈവത്തിന്റെ പുകഴ്ച്ച നാം എടുക്കുകയായിരിക്കും. നമുക്കു വേണ്ടി അദ്ധ്വാനിച്ച കർത്താവിനായിരിക്കണം നാം പുകഴ്ച്ച കൊടുക്കേണ്ടത്. നിഗള ഭാവം ദൈവത്തിന് ഇഷ്ടമല്ല. ഉന്നതഭാവ മുള്ളവരെ ദൈവം താഴ്ത്തും. നാം വീതിയും വിശാലവുമാക്കുന്നതു ഇത്തരം വ്യർത്ഥമായ കാര്യങ്ങളെയാണെങ്കിൽ നമ്മുടെ മനസും ഹൃദയവും സങ്കുചിതമായിരിക്കും. യഥാർത്ഥത്തിൽ നാം വിശാലഹൃദയരാണെങ്കിൽ ദൈവം നമ്മെ ഉയർത്തേണ്ടതിന്ന് വേണ്ടതു ചെയ്യും. വാസ്തവത്തിൽ ക്രിസ്തു കാണിച്ചു തന്ന മാതൃക നാം പ്രാവർത്തികമാക്കിയാൽ നമ്മെ ദൈവം എത്ര മാത്രം ഉയർത്തും എന്നു അനുഭവിച്ചറിയുക.

## മന്ത്രപ്പട്ട മറ്റുള്ളവരെ പ്രീതിപ്പെടുത്തുവാനാണ്!

സാമ്പത്തിക സഹായം അഭ്യർത്ഥിച്ചു കൊണ്ടുള്ള കത്തിടപാടുകൾ വർദ്ധിച്ചു വരികയാണ്! പല വിധ പ്രോജക്റ്റുകൾ, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, രോഗികളെ ചികിത്സിക്കുന്നതിനും, സ്ക്കൂളുകളിൽ ബോധവൽക്കരണം നടത്തുന്നതിനും മയക്കു മരുന്നിനും മദ്യത്തിനും എതിരെ പോരാടുന്നതിനും അനാഥ കുട്ടികളെ സംരക്ഷിക്കുന്നതിനും എല്ലാം ധർമ്മശേഖരം അഥവാ പണപ്പിരിവ് നടത്തുന്നവരുണ്ട്. ഇവർ മനസിലാക്കേണ്ട വസ്തുത എന്തെന്നാൽ ഇങ്ങനെയുള്ള സഹായത്താൽ ഈ ആളുകളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറപ്പെടുന്നില്ല. ആ ആത്മീയാവശ്യം ആദ്യം നിറവേറ്റിയാൽ പിന്നെ മറ്റു പ്രശ്നങ്ങൾ ക്രമേണ പരിഹരിക്കപ്പെടും. ഈ സത്യമാണ് ആളുകൾ ഗ്രഹിക്കേണ്ടത്. സത്യം

അറിയാതെ ജീവിക്കുന്നവരെയാണ് അധിക പ്രശ്നങ്ങളും അലട്ടുന്നത്. വലിയ പ്രോജക്റ്റുകൾ തയ്യാറാക്കി ദേശവ്യാപകമായി സൽപ്രവൃത്തി ചെയ്തു പ്രസിദ്ധി നേടുക എന്നതായിരിക്കരുത് നമ്മുടെ ലക്ഷ്യം. ക്രിസ്തു നമുക്ക് ഇതുപോലുള്ള യാതൊരു മന്ത്രപ്പട്ടയും നല്കിയിട്ടില്ല. പിതാവിന്റെ ഇഷ്ടത്തെ മാനിച്ചു കൊണ്ടാണ് അവൻ ചെയ്തതെല്ലാം. നമുക്കു ദൈവത്തെയും മാമോനേയും ഒരുമിച്ചു സേവിക്കാൻ സാദ്ധ്യമല്ല.

മുഖ്യസ്ഥാനം ആഗ്രഹിച്ചവരായിരുന്നു പരീശന്മാർ. അവർ എവിടെച്ചെന്നാലും അവർക്കു പ്രമുഖ സ്ഥാനം വേണമായിരുന്നു. അങ്ങാടിയിൽ വന്ദനവും പ്രതീക്ഷിച്ചിരുന്നു. "റബ്ബീ" എന്നു അവർ പേരും എടുത്തിരുന്നു. നാം മതപരമായി റെവറന്റ് എന്നോ മോസ്റ്റ്റെവറന്റ് എന്നോ ബിഷപ്പ് എന്നോ, പിതാവ് എന്നോ വിളിക്കപ്പെടുവാൻ ആഗ്രഹിച്ചാൽ അതു നമ്മുടെ മന്ത്രപ്പട്ട വലുതാക്കലാകും. കാരണം അവിടെ നാം ദൈവത്തിനു ലഭിക്കേണ്ട ആദരവു പിടിച്ചു വാങ്ങുകയാണ്. സഭയിൽ പ്രധാന സ്ഥാനം കാംക്ഷിക്കുന്നവർ കണ്ടേക്കാം. അതു ദൈവം അംഗീകരിക്കുന്ന താണോ എന്നു ചിന്തിക്കണം. പ്രഥമസ്ഥാനം കർത്താവിനാണ് നല്കേണ്ടത്. അവനാണ് സഭയുടെ തല. നിയമവിരുദ്ധമായ ഏതൊ ന്നും നാം എടുക്കരുത്. മാനുഷിക ബുദ്ധിയേക്കാൾ ദൈവിക ജ്ഞാനത്തിൽ മാത്രം നാം ഒതുങ്ങി ദൈവത്തെ മാത്രം പ്രസാദിപ്പി ക്കുന്നവരാകുക.

★

## പ്രാദേശിക സഭ

ജാക്കി M.S.

സുവിശേഷം മാന്യതയോടെ അനുസരിച്ച് അതിനാൽ നയി ക്കപ്പെടുന്നവർ പ്രാദേശികമായ സഭക്കു വളരെ ഊന്നൽ കൊടുക്കും. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ, യെരൂശലേം, യെഹൂദ്യ, ശമര്യാ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തും പ്രാദേശിക സഭകൾ ആരംഭിച്ചതായി വിവരിക്കുന്നുണ്ട്. പുതിയനിയമ ലേഖനങ്ങൾ എഴുതപ്പെട്ടിരിക്കു ന്നതു പ്രാദേശിക സഭകളിൽ കൂടെ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വ്യാപ്തിക്കായി പ്രവർത്തിക്കുന്ന വ്യക്തികൾക്കും ഇടവകകൾക്കും ആയിട്ടാണ്.

**പോറ്റുക**

ഭൗതിക ശരീരത്തിന്റെ നിലനില്പിനു ആഹാരം ആവശ്യമുള്ളതുപോലെ തന്നെ ആത്മാവിനും ആഹാരം ആവശ്യമാണ്. ഈ ആവശ്യം ദൈവം നിറവേറ്റുന്നതു പ്രാദേശിക ഇടവകകളിൽ കൂടെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. വ്യായാമവും നിരന്തര പരിശീലനവും ഒരു ശരീരത്തിന്റെ ആരോഗ്യത്തിനു ആവശ്യമാണ്. ആത്മാവിനെ ശക്തിയായി സൂക്ഷിക്കാൻ ദൈവവചന പരിജ്ഞാന പരിശീലനവും അഭ്യാസവും ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ് (പ്രവൃത്തി 20:8; എബ്രായർ 5:11–14; ഗലാത്യർ 6:1–10; യാക്കൊബ് 5:19–20).

സുവിശേഷ ശക്തി ഏതെങ്കിലും പ്രദേശത്തുള്ള സഭയിൽ ഇല്ലാതെ വന്നാൽ, അംഗങ്ങൾ വഞ്ചിക്കപ്പെടുകയും ക്രമേണ അതു നാശത്തിലേക്കു പോകയും ചെയ്യുന്നു. ഇതിനു ഉത്തരവാദി മനുഷ്യൻ തന്നെയാണ്. ആരാണ് ഇടവകയെ നയിക്കുന്നതു? ആ വ്യക്തിയാണ് അതിനു കാരണക്കാരൻ എന്നു തിരിച്ചറിയണം.

പ്രാദേശിക ഇടവകയിൽ സജീവ പ്രവർത്തനത്തിലും ആത്മിയ ജീവിതത്തിലും നിലനിന്നാലല്ലാതെ ഒരാത്മാവിനും പക്വത കൈവരിക്കാൻ സാദ്ധ്യമല്ല. പ്രാദേശിക സഭയെ ആദരിക്കാതെ, അതിനെ തുച്ഛീകരിച്ച് കാണിച്ചാൽ, ആളുകളുടെ മനസും സത്യത്തോടുള്ള അവരുടെ അറിവില്ലായ്മയും പ്രകടമാക്കുന്നു.

ഒരു സ്ഥലത്തെ സഭയിലെ ഉപദേഷ്ടാവ് തിരിച്ചറിയേണ്ട കാര്യം എന്തെന്നാൽ സഭയെ വളർത്തേണ്ട ഒരു മഹത്തായ പ്രവൃത്തിയാണ് അയാൾ ഏറ്റെടുത്തിരിക്കുന്നതു. ഏതു പ്രാദേശിക സഭയും മനസിലാക്കേണ്ട കാര്യം അവരുടെ വലിയ കർത്തവ്യം ആണ്. അവർ ആത്മാക്കളെ നേടുകയും അവരെ പക്വതയിലേക്കു നയിക്കുകയും ചെയ്യുന്നതിൽ അവർക്കുള്ള പങ്ക് അവർ നിർവ്വഹിക്കേണ്ടതാണ്.

**സ്വാധീന ശക്തി**

ലോകത്തിലെ പാപത്തിനുള്ള പ്രതിവിധി ബോദ്ധ്യപ്പെടുത്തുവാനും അതിൽ നിന്നും ലോകത്തെ പിന്തിരിപ്പിക്കുവാനും പ്രാദേശിക ഇടവകകൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് ദൈവം ബോധ്യപ്പെടുത്തിയിരിക്കയാണ്. ഇതു മനസിലാക്കിയ തെസലോനിക്യാ സഭ സുവിശേഷ ശക്തിയാൽ ഇതു ചെയ്യുന്നതായി നമുക്ക് കാണാം (1 തെസലോനിക്യർ 1:8–10).

സുവിശേഷ ബന്ധത്തിൽ തുടർച്ചയായ അനുബന്ധമാണ് ഒരു പ്രാദേശിക ഇടവകയുടെ ജീവൻ. സുവിശേഷ പ്രചരണമോ, ആത്മാക്കളെ നേടുന്നതോ ഇല്ലാതെ വരുമ്പോൾ സഭ നിർജ്ജീവമായി മാറുന്നു.

എത്ര ശക്തമായി ലോകത്തിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ സ്വാധീന ശക്തി ചെലുത്താമോ അത്രയും വിപുലമായ രീതിയിൽ ഇടവക വളരും. സ്വാധീന ശക്തി ബലഹീനമായി മാറുമ്പോൾ ഇടവകയുടെ ബലം കുറയും. ലോകത്തിൽ അതിന് ചെലുത്താവുന്ന ശക്തി മങ്ങിപ്പോകുന്നതാണ് കാരണം. ഇതിന് എല്ലാവരും ഉത്തരവാദികളാണ്. ഒരുമിച്ചുള്ള പ്രവർത്തനമാണ് പ്രശ്ന പരിഹാരം.

**കീഴ്പ്പെടുത്തുക**

സുവിശേഷത്തിലുള്ള ശക്തി ഒരു ഇടവക പൂർണ്ണമായി മനസിലാക്കിയാൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കും. എഫെസോസ് സഭയിലെ ആദ്യസ്നേഹം അവർ വിട്ടുകളഞ്ഞതായിരുന്നു. എന്നാൽ അവർക്കു അതു വീണ്ടെടുക്കാൻ കഴിയണം (വെളിപ്പാട് 2:7). വിളിക്കപ്പെട്ട ശേഷം കഷ്ടം അനുഭവിക്കേണ്ടി വന്നാൽ നിരാശപ്പെടരുതു. സഹിഷ്ണുതയോടെ അതിനെ മറികടക്കണം. സ്മുർന്നയിലെ സഭയിൽ നമുക്കു കാണാൻ കഴിയുന്നതു അതാണ്. പെർഗമൊസ് സഭയിൽ എന്നപോലെ മതപരമായ തെറ്റുകളെയും ദുരുപദേശങ്ങളെയും ചെറുത്തു നില്ക്കേണ്ട സാഹചര്യവും ഉണ്ടാകും. അതിനും നാം തയ്യാറാകണം (വെളിപ്പാട് 2:17). യിസെബേലിനെ പോലെ മറ്റൊരു ഉപദേശം ഉയർന്നു വന്നാൽ അതിനെയും അതിജീവിക്കണം (വെളിപ്പാട് 2:26). ഒരു ഇടവക സർദ്ദീസിനെപോലെ മരിച്ചവരായി മാറാമോ? അരുതു. 'അവർ അതിൽ നിന്നു തിരിയണമെന്നായിരുന്നു ദൈവത്തിന്റെ ആലോചന. ഫിലദെൽഫിയയെപോലെ ഒരു വാതിൽ തുറന്നു കിട്ടുമ്പോൾ സാത്താന്റെ തീയ്യമ്പുകളെ നേരിടുവാൻ തക്ക ശക്തി സംഭരിക്കണം (വെളിപ്പാട് 3:12). ശീതോഷ്ണമായ അവസ്ഥ ഉണ്ടാകാതിരിക്കണം. അങ്ങനെ കാണപ്പെട്ടാൽ അതു നശിക്കപ്പെടും എന്നു ദൈവം അരുളിച്ചെയ്യുന്നു.

**ഉപസംഹാരം**

സുവിശേഷത്തിന്റെ പരമോന്നതമായ ശക്തി മനസിലാക്കി വിശ്വസിക്കുന്നവരും സുവിശേഷത്തെ മാനിക്കുന്നവരും പ്രാദേശിക

സഭയുടെ പങ്കിനെ തിരിച്ചറിയുകയും അനുമോദിക്കുകയും ചെയ്യും. കർത്താവിന്റെ പ്രബോധനം നാം ഒരിക്കലും മറക്കരുതു. "ആത്മാവ് സഭകളോടു പറയുന്നതു ചെവിയുളളവൻ കേൾക്കട്ടെ. ക്രിസ്തുവിന്റെ സഭ നിങ്ങളുടെ പ്രദേശത്ത് ഉണ്ടോ? നിങ്ങൾ ഈ സഭയിൽ അംഗമായി ചേർക്കപ്പെട്ടിട്ടുണ്ടോ? നിങ്ങൾ ഈ സഭയുടെ സ്വാധീനത്തിലാണോ? അതോ നിങ്ങൾ ലോകപ്രകാരമുള്ള വിഭാഗത്തിലോ? അങ്ങനെയെങ്കിൽ സത്യവചനം അനുസരിച്ച്; നിങ്ങൾ കർത്താവിന്റെ കല്പനകൾ പൂർണ്ണമായി അനുസരിച്ച് കഴിയുമ്പോൾ കർത്താവ് നിങ്ങളെ അവന്റെ സഭയിൽ ചേർത്തു കൊള്ളും.

★

## നിങ്ങളോടു തന്നെ പറയുക

### W.A. ഹോളി

ശൗൽ ദാവീദിനെ നിന്ദിച്ച് പീഡിപ്പിച്ചു കൊണ്ടിരുന്നപ്പോൾ ദാവീദ് വലിയ കഷ്ടത്തിലായി, ജനത്തിൽ ഓരോരുത്തന്റെ ഹൃദയം താന്താന്റെ പുത്രന്മാരെയും പുത്രിമാരെയും കുറിച്ചു വ്യസനിച്ചിരിക്ക കൊണ്ടു അവനെ കല്ലെറിയണമെന്നു ജനം പറഞ്ഞു; ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു (1 ശമുവേൽ 30:6).

1. നിങ്ങൾക്കു ദേഷ്യം വരുമ്പോൾ നിങ്ങളോടു സംസാരിക്കുക. സ്ത്രീയായാലും പുരുഷനായാലും കിട്ടാവുന്നതിൽ വെച്ച് ഏറ്റവും നാശകരമായ ശക്തിയാണു കോപം. സാധാരണ ഗതിയിൽ ദേഷ്യം വരിക എന്നത് ഏതൊരാളിലും എളുപ്പമാണ്. പക്ഷെ ശരിയായ വ്യക്തിയോടു, ശരിയായ അളവിൽ, ശരിയായ സമയത്തു, ശരിയായ കാരണത്തിനു, ശരിയായ രീതിയിൽകോപിക്കുക എന്നതു ഏതൊരാളുടേയും കഴിവിൽ ഒതുങ്ങി നില്ക്കുന്ന ഒന്നല്ല. നിങ്ങൾക്കു കോപം വരുമ്പോൾ എഫേസ്യർ 4:26, 27 വായിക്കുക. "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുതു. പിശാചിനു ഇടം കൊടുക്കരുത്".

2. നിങ്ങളുടെ കുട്ടി നിങ്ങളെ രോഷാകുലനാക്കുമ്പോൾ അല്പം നിന്നു ചിന്തിക്കുക. ഏറ്റവും ഉചിതമായി അതിനെ കൈകാര്യം ചെയ്യുവാൻ ശ്രമിക്കുക. നിങ്ങളോടു തന്നെ

സംസാരിക്കുക. പരുഷസൂചനകൾ എടുക്കാതിരിക്കുക. എല്ലായ്പ്പോഴും നിയന്ത്രണം പാലിക്കുകയും ശാന്തത കൈവിടാതിരിക്കയും വേണം. ഒരിക്കലും കുട്ടികളെ ചീത്ത വിളിക്കാതിരിക്കുക. ഒരിക്കലും മായാത്ത വടുവായി കുട്ടികളെ ശകാരിക്കുന്നതു കാണുമ്പോൾ നിങ്ങളെ തകരാറിലാക്കിയ പ്രശ്നമെന്താണ്? അതു നിങ്ങളുടെ സംയമനം വിട്ടുപോകാൻ അത്രമാത്രം വിലയുള്ളതാണോ? കാലം ഉണക്കാത്ത മുറിവുകളില്ല എന്നു പറയാം.

3. മദ്യപിക്കുന്നതാണ് നിങ്ങളുടെ പ്രശ്നമെങ്കിൽ നിങ്ങളോടും തന്നെ സംസാരിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു കുടുംബവും ഒരിക്കലും മദ്യപാനം കൊണ്ട് ഇന്നുവരെ നന്നായിട്ടില്ല. മദ്യപാനം എവിടെയുണ്ടോ അവിടെയെല്ലാം ശണ്ഠയും കലഹവും പോരാട്ടവും വിവാഹമോചനവും ആണ് നടന്നിട്ടുള്ളതു. അതിനു പ്രതിരോധശക്തിയില്ല. അതിനു ഇരയായി തീരുന്നവർ വശീകരിക്കപ്പെട്ട് തരം താഴ്ത്തപ്പെടുന്നു. വീടിനു പുറത്തുപോയി രസത്തിനു വേണ്ടി കുടിക്കുന്നവർ പിന്നീട് വീടു പോലും കുടിച്ച് നശിപ്പിക്കുകയാണ്. ദയവു ചെയ്തു സദൃശവാക്യങ്ങൾ 23:29–35 വരെയുള്ള വേദഭാഗങ്ങൾ വായിക്കുക. ദൈവരാജ്യത്തിൽ പ്രവേശിക്കാൻ പറ്റാത്ത മദ്യപാന സ്വഭാവം ഉപേക്ഷിക്കുവാൻ മദ്യപാനി ഇപ്പോൾ തന്നെ തീരുമാനം എടുക്കണം. അതിന്റെ അനന്തര ഫലം നിങ്ങളുടെ ആത്മാവിനെ ബാധിക്കും എന്നോർമ്മിക്കുക.

4. നിങ്ങൾ കുറ്റം കണ്ടെത്തുന്ന സ്വഭാവത്തിലേക്കു വഴുതി വീണിട്ടുണ്ടെങ്കിൽ വളരെ ഗൗരവമായി നിങ്ങളോടു തന്നെ ഈ പാപത്തെ സംസാരിക്കണം. ഈ പ്രശ്നത്തെ യേശു മുന്നറിയിച്ചിട്ടുണ്ട് (മത്തായി 7:1–4). എന്നാൽ നീതിയുള്ള വിധി നടത്തുവാൻ നമ്മെ പ്രബോധിപ്പിച്ചിട്ടുമുണ്ട് (യോഹന്നാൻ 7:24). ഒരാളുടെ നിർദ്ദേശത്തെ എന്തു തന്നെയായാലും എതിർക്കുന്ന സ്വഭാവമുള്ളവരുണ്ട്. തെറ്റുകൾ മാത്രം കണ്ടെത്തുന്ന ഒരാൾ അയാളുടെ പ്രവൃത്തിയിലെ നല്ല വശങ്ങൾ കാണാതെ പോകുന്നു. മോശമായ കാര്യങ്ങൾ, അഥവാ തെറ്റായ കാര്യങ്ങൾ മനസിലാക്കി തിരുത്തുവാൻ കഴിവുള്ളവർ സൽഗുണ പൂർത്തി പ്രാപിക്കും എന്നതു പരമാർത്ഥമാണ്. അതു ഉൾക്കൊള്ളുവാൻ കഴിയാത്തവർക്കു അതു ചൂണ്ടിക്കാണിച്ചാലും പ്രയോജനപ്പെടില്ല.

ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന ചില സ്ത്രീ പുരുഷന്മാർ, മൂപ്പന്മാരെ, ശുശ്രൂഷകന്മാരെ, ഗാനം നയിക്കുന്നവരെ, ബൈബിൾ പഠിപ്പിക്കുന്നവരെ കുറ്റപ്പെടുത്തുന്നതു ഒരു തൊഴിലാക്കിയിരിക്കയാണ്.അവരുടെ സഹക്രിസ്ത്യാനികളുടെ നല്ല വശത്തെ വളരെ ചുരുക്കമായേ കാണുന്നുള്ളു. ഈ വിമർശകർ ക്രിസ്തുവിന്റെ നാമത്തിനു ഗുണം ചെയ്യുന്നതിനേക്കാൾ കൂടുതൽ ഉപദ്രവമാണ് ചെയ്യുന്നതു; അതു അവർ മനസിലാക്കയുമില്ല (എഫെസ്യർ 4:31-32).

വിയറ്റ്നാം യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന സേനാധിപതിയോടു ഒരു പട്ടണത്തെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: "ആ പട്ടണത്തെ സംരക്ഷിക്കുവാനുള്ള ഏക വഴി അതിനെ നശിപ്പിക്കുക മാത്രമാണ്" എത്ര ലജ്ജാകരമാണെന്ന് ഓർത്തു നോക്കു. കർത്താവിന്റെ സഭയെ നാം സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്നതു ഇതുപോലെയോ? ഒരു ക്രിസ്ത്യാനി ഇടിച്ചു കളയുന്നവനായിരിക്കരുതു; പണിയുന്നവനായിരിക്കണം; നിർമ്മാണ പ്രക്രിയയിലായിരിക്കണം ഓരോരുത്തർ.

5. നിങ്ങളിൽ ഇരുണ്ട, നിഷേധാത്മകസ്വഭാവം വളരുകയാണോ? നിങ്ങളോടു തന്നെ സംസാരിക്കുക. എല്ലാ ഭൗതികവും ആത്മികവുമായ അഭിവൃദ്ധിയും ആരംഭിക്കുന്നതു മനസിലാണ് (റോമർ 12:1-2). നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധിച്ച് പുതുക്കം പ്രാപിക്കണം (എഫെസ്യർ 4:23), താഴോട്ടു നോക്കിയാൽ മണ്ണും മുകളിലോട്ടു നോക്കിയാൽ ആകാശവുമാണ് കാണുന്നതു, ഈ ലേഖകൻ വിദേശത്തു പോയപ്പോൾ അവിടെ ഒരു കൊടുങ്കാറ്റു ആഞ്ഞടിക്കുന്ന സമയത്തു ഒരു വലിയ വിമാനം പറന്നുയർന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ നല്ല സൂര്യപ്രകാശം കാണാം. കൊടുങ്കാറ്റ് വിദൂരമായി മാറി. രോഗവും, ദുഃഖവും ബുദ്ധിമുട്ടും നമ്മുടെ ജീവിതത്തിൽ നേരിടാം. പക്ഷെ അതെല്ലാം നീങ്ങിപ്പോകുവാനുള്ളതു എന്നു നാം ഓർമ്മിക്കണം (യോഹന്നാൻ 14:1-6).

6. മറ്റുള്ളവരുമായി സഹകരിച്ചു പോകുവാൻ അസാദ്ധ്യമായി നിങ്ങൾക്കു തോന്നുന്നുണ്ടോ? ചിലരുമായി വ്യക്തിത്വസംഘർഷമുണ്ടായേക്കാം. എന്നാൽ അതു എല്ലാവരോടും ഉണ്ടോ? (റോമർ 12:18). സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ

സൂക്ഷിച്ചു കൊള്ളണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെയത്രെ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളകയും ചെയ്യുന്നു (റോമർ 16:17-18).

7. നിങ്ങളുടെ വിവാഹവും കുടുംബം മുഴുവനും ശ്രേഷ്ഠമായി തീരും നിങ്ങൾ നിങ്ങളോടു തന്നെ സംസാരിച്ചാൽ. കുടുംബത്തെ ഭിന്നിപ്പിക്കുന്ന സംസാരം നിർത്തി അതിനെ എങ്ങനെ സംരക്ഷിച്ച് നിലനിർത്താമെന്ന് സ്വയമായി സംസാരിക്കുക. നിങ്ങളുടെ കുടുംബം ഒത്തൊരുമിച്ച്, ഒരു സംഘമായി ജീവിക്കുക; ഒരു സംഘമായി പ്രവർത്തിക്കുക; ഒരു സംഘമായി ആരാധനയിൽ പങ്കെടുക്കുക. എന്നാൽ മറ്റെന്തുപോലെയും അതു അതിജീവിക്കും. ഇന്നു കാണപ്പെടുന്ന കുടുംബഛിദ്രത്തിന്റെ കാരണം ഭവനത്തിൽ മാതൃകയില്ലാത്ത ജീവിതമാണ്. അപ്പന്മാരേ, അമ്മമാരേ നിങ്ങൾക്കു മാത്രമാണ് നല്ല മാതൃക കാണിച്ചു കൊടുക്കാൻ കഴിയുന്നതു. തമ്മിൽ തമ്മിൽ ശണ്ഠയിട്ടും വഴക്കിട്ടും അന്യോന്യം തരം താഴ്ത്തിയും കുറ്റപ്പെടുത്തിയും കൊണ്ടിരുന്നാൽ ആ കുടുംബത്തിൽ എത്ര സമാധാനവും സൈ്വര്യവും അനുഭവപ്പെടും! ധാർമ്മിക നീതിയോ വിവാഹ ഉടമ്പടിയിലെ പ്രതിജ്ഞയോ അവർക്കിടയിൽ പ്രശ്നമേ ആകുന്നില്ല. നിങ്ങൾ നിങ്ങളോടു തന്നെ സംസാരിക്കുക. എത്ര നാൾ നിങ്ങൾ ഇങ്ങനെ തുടരും? (എഫെസ്യർ 5:22-32; എബ്രാ. 13:4; മർക്കൊ. 10:2-12).

*

## ക്രൂശിന്റെ വഴി

ജോണി രാംസെ

നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കു കണക്കിടുവാനുള്ളതു തന്നെ (റോമർ 4:25). ക്രിസ്തു നമുക്കു വേണ്ടി മരിച്ചു നമ്മുടെ നീതീകരണത്തിനായി ഉയിർത്തെഴുന്നേറ്റു എന്ന വേദഭാഗം അടിസ്ഥാനപരമായി നമ്മുടെ

ആത്മാവിന്റെ ഒരു നങ്കൂരമാണെന്നു മനസിലാക്കാം. സ്വർഗ്ഗം തു
മഹിമ എന്റെ ആത്മാവിൽ നിറച്ചതു എത്ര ഹൃദയസ്പർശിയായ കൃപയാ
(പ്രവൃത്തി 20:24).

മോശെയുടെ ന്യായപ്രമാണപ്രകാരം ഊനമില്ലാത്ത മൃഗങ്ങ
യാണ് ദൈവത്തിനു യാഗമായി അർപ്പിക്കേണ്ടിയിരുന്നതു. എന്ന
അതിനു മുടന്തോ കുരുടോ ഇങ്ങനെ വല്ല ഊനവും ഉണ്ടായിരുന്ന
നിന്റെ ദൈവമായ യഹോവെക്കു അതിനെ യാഗം കഴിക്കരു
(ആവർത്തനപുസ്തകം 15:21). ദൈവത്തിനു എങ്ങനെ ബലി അർപ്പിക്ക
എന്ന കല്പന യിസ്രായേൽ മക്കൾ നിരന്തരമായി ലംഘിച്ചിരുന്നത
മലാഖി പ്രവാചകൻ പറയുന്നു. മാത്രമല്ല, പാർസിയിലെ ദേശാധിപതി
കാഴ്ച വെക്കാൻ മടിക്കുന്നതു അവർ ദൈവത്തിനു യാഗം കഴിക്ക
കൊണ്ടു വരുന്നു. "നിങ്ങൾ കണ്ണു പൊട്ടിയതിനെ യാഗം കഴിപ്പ
കൊണ്ടു വന്നാൽ അതു ദോഷമല്ല; നിങ്ങൾ മുടന്തും ദീനവുമുള്ളതി
അർപ്പിച്ചാൽ അതും ദോഷമല്ല; അതിനെ നിന്റെ ദേശാധിപതിക്കു കാ
വെക്കുക; അവൻ പ്രസാദിക്കുമോ? നിന്നോടു കൃപ തോന്നുമോ എ
സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാഖി 1:8). നിരുപയോ
പ്രദമായവയെ അവർ ദൈവത്തിനു കൊടുത്തു വന്നു.

സ്വർഗ്ഗം തരുമ്പോൾ ദൈവികയുഗത്തിലെ ഏറ്റവും നല്ലതിനെ
ണ് തരുന്നതു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസി ക്കുന്ന ഏവ
നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവ
നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:
ഊനമില്ലാത്ത, യാതൊരു കുറ്റവുമില്ലാത്ത ജീവിതം നയിച്ച ദൈവത്തി
കുഞ്ഞാടു അറിയപ്പെട്ടതിൽ വെച്ച് ഏറ്റവും തികവുള്ള ജീവിതം നയ
ആ ജീവിതം മർത്യ ശരീരങ്ങളുടെ പാപപരിഹാരത്തിനു യാഗമാ
ഏൽപ്പിച്ചു കൊടുത്തു. അതുകൊണ്ട് ദൈവദൂതന്റെ സ്തുതിഗീതത്ത
അത്ഭുതത്തിന് അവകാശമില്ല. "പുസ്തകം വാങ്ങുവാനും അതിന്റെ മ
പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊ
സർവ്വ ഗോത്രത്തിലും, ഭാഷയിലും, വംശത്തിലും, ജാതിയി
നിന്നുള്ളവരെ ദൈവത്തിന്നായി വിലെക്കു വാങ്ങി (വെളിപ്പാട്
ലോകത്തിനു ലഭിക്കാവുന്നതിൽ വെച്ച് ഏറ്റവും വലിയ സ്നേഹത്തി
ഉപഭോക്താക്കളാണ് നാമെന്ന് സംശയരഹിതമായി പറയാം.

## നമ്മുടെ രക്ഷയെ വിവരിക്കുന്ന സൂചകവാക്കുകൾ

**നിരപ്പ്:** ക്രിസ്തുവിനെ കൂടാതെയുള്ള നമ്മുടെ അവസ്ഥയെ തിരുവെഴുത്തിൽ വിശദമാക്കുന്നുണ്ട്. "അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും, പ്രത്യാശയില്ലാത്തവരും, ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ (എഫെസ്യർ. 2:12). എന്നാൽ ഗൊൽഗോഥായിലെ സംഭവങ്ങൾ നിമിത്തം പാപികളായിരുന്ന നമ്മേയും നമ്മുടെ രക്ഷകന്റെ സമീപത്തേക്കു നയിക്കുമാറാക്കി. അങ്ങനെ വിദൂരതയിലായിരുന്നവരെ സമീപസ്ഥരാക്കി മടക്കിക്കൊണ്ടു വന്നു യോജിപ്പിച്ച നടപടിയെ നിരപ്പ് എന്നു പറയാം. ക്രൂശിന്മേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ (എഫെസ്യർ 2:16). നമ്മുടെ പാപങ്ങളാൽ ആയിരുന്നു നാം ദൈവത്തിൽ നിന്നു അകന്നു പോയതു. അപ്പോഴാണ് യേശു നമുക്കു വേണ്ടി മരിച്ചതു. "അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി (കൊലൊസ്യർ 1:19–20).

**മോചനം:** കഴിഞ്ഞ കാലപാപങ്ങളും കുറ്റങ്ങളും കഴുകപ്പെട്ട് ശുദ്ധിയോടെ ക്രൂശിന്നരികിൽ നിരപ്പായ പ്രതലത്തിൽ നില്ക്കുക എന്നതു വില മതിക്കുന്ന ഒരു അനുഭവം തന്നെയാണ്. ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു. അവന്റെ കൃപയാൽ ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു (റോമർ 3:23–25). ആത്മാർത്ഥതയോടെ രക്ഷിക്കപ്പെടുവാൻ തങ്ങൾ എന്തു ചെയ്യണമെന്ന പുരുഷാരത്തിന്റെ ചോദ്യത്തിനു അപ്പൊസ്തലനായ പത്രൊസ് മറുപടി കൊടുക്കു

ന്നതു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപിൻ (പ്രവൃത്തി 2:38). ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ എന്ന വേദഭാഗം നമ്മുടെ ആത്മാക്കളെ ഹർഷപുളകിതരാക്കുന്ന ഒന്നു തന്നെയാണ് (പ്രവൃത്തി 3:19).

**വീണ്ടെടുപ്പ്:** അവനിൽ അവന്റെ രക്തത്താൽ നമുക്ക് അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്. ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ശേഷം നമുക്കു ജീവന്റെ പുതുക്കത്തിൽ നടക്കാൻ കഴിയുന്നു (എഫെസ്യർ 4:23, 24). അതിന്നു പ്രഭാപൂരിതമായ ഒരു ഭാവിയുണ്ട്. ഇരുട്ടിൽ നിന്നു പ്രകാശത്തിലേക്കു നമ്മുടെ യാത്ര ആരംഭിക്കുകയാണ്. വാട്ടമില്ലാത്ത; മങ്ങലില്ലാത്ത ദിവസങ്ങളുള്ള ഒരു ദേശത്തേക്കാണ് നാം സഞ്ചരിക്കുന്നതു (പ്രവൃത്തി 26:18).

**മോചനദ്രവ്യം:** എല്ലാവർക്കും വേണ്ടി മറുവിലയായി കൊടുത്തതു യേശുക്രിസ്തുവിനെ തന്നെയായിരുന്നു (1 തിമൊഥെയോസ് 2:6). സാത്താൻ നമ്മെ തട്ടിക്കൊണ്ടു പോയി പാപത്തിന്റെ ബന്ധനത്തിൽ അടച്ചുവെച്ചിരിക്കുകയായിരുന്നു (റോമർ 2:13-14). പക്ഷെ നമ്മെ സ്വതന്ത്രരാക്കുന്നതിനു യേശു നമുക്കു വേണ്ടി മറുവില കൊടുത്തു. കല്ലറയിൽ നിന്നു അവൻ എഴുന്നേറ്റു വരുവാൻ തക്കവണ്ണം ദൈവശക്തി പ്രത്യക്ഷമായി ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ചു ദൈവപുത്രനെന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കയാണ് (റോമർ 1:5). ജീവപര്യന്തം അടിമകളായിരുന്നവരെ ക്രിസ്തു വിടുവിച്ചു എന്നു എഫെസ്യർ 4:8 വെളിപ്പെടുത്തുന്നു. അങ്ങനെ സാത്താനു മരണത്തിൻമേലുള്ള ശക്തി അവൻ ഇല്ലാതാക്കി (എബ്രായർ 2:14). ജയം ക്രിസ്തുവിൽ സാദ്ധ്യമാണ്. സകല മനുഷ്യർക്കും അവൻ പ്രായശ്ചിത്തമായതുകൊണ്ടാണ് നമുക്ക് അതിനു ഭാഗ്യം ലഭിച്ചത്.

★

## 1400 പേർ കയറിയ കപ്പൽ മുങ്ങി

സൗദി അറേബ്യയിലെ ദൂബ തുറമുഖത്തു നിന്ന് ഈജിപ്തിലെ സഫാഗയ്ക്കു പോയ എൽ സലാം ബൊക്കാച്ചിയോ 98 എന്ന യാത്രാക്കപ്പൽ സൗദി തീരത്തിനടുത്തു ചെങ്കടലിൽ മുങ്ങി ആയിരത്തിലേറെപ്പേർ മരിച്ചതായി സംശയം. ഹജ് കഴിഞ്ഞു മടങ്ങിയവരും സൗദിയിൽ ജോലി ചെയ്യുന്ന ഈജിപ്തുകാരും കപ്പലിലുണ്ടായിരുന്നു.

ഈജിപ്ഷ്യൻ ഷിപ്പിങ് കമ്പനിയായ എൽ സലാം മാരിടൈം ട്രാൻസ്പോർട്ട് കമ്പനി വക കപ്പലിൽ നൂറോളം ജീവനക്കാരടക്കം 1372 യാത്രക്കാരാണുണ്ടായിരുന്നത്. നൂറോളം പേർ രക്ഷപ്പെട്ടതായി ഈജിപ്ഷ്യൻ ടീവി റിപ്പോർട്ട് ചെയ്തു. അഞ്ചു ലൈഫ് ബോട്ടുകളിൽ നിന്നു രക്ഷപ്പെടുത്തിയ ഇവരെ സഫാഗയിലെത്തിച്ചു.

★

## ആന്ധ്ര പ്രദേശിൽ കാറപകടം

ബസും കാറും കൂട്ടിയിടിച്ച് കാറിലുണ്ടായിരുന്ന ആറു മലയാളികളും ആന്ധ്രാ സ്വദേശിയായ കാർ ഡ്രൈവറും മരിച്ചു.

കർണ്ണാടകയിലെ വടക്കുകിഴക്കൻ അതിർത്തി ജില്ലയായ ബിദറിൽ നഴ്സിങ് സ്ക്കൂളിൽ അഡ്മിഷനു ശേഷം നാട്ടിലേക്കു മടങ്ങുമ്പോഴാണ് അപകടമുണ്ടായത്. മരിച്ചവരിൽ അഞ്ചു പേർ പത്തനംതിട്ട ജില്ലക്കാരാണ്. കോഴഞ്ചേരി ചെറുകോൽ വയലത്തല പുത്തൻപറമ്പിൽ മാത്യു തോമസ് (50), മകൾ ഷിൻസി 919), തിരുവല്ല കാരയ്ക്കൽ കുഴിവേലിപ്പുറം മാടപ്പാട്ടുശേരിൽ ഗ്രെയ്സി മാത്യു (19), തെള്ളിയൂർ കരിക്കാട്ടിൽ മലങ്കാവുങ്കൽ പാസ്റ്റർ കെ. എം.തോമസ് (58), തിരുവല്ല മേപ്രാൽ വട്ടക്കേരിൽ വി.സി.സുജാത (19), മൂവാറ്റുപുഴ വാഴക്കുളം വേങ്ങച്ചുവട് പൊൻകല്ലുങ്കൽ ദീപു ജോൺ (21) എന്നിവരും കാർഡ്രൈവർ മുഹമ്മദ് മക്ബൂറും ആണു കൊല്ലപ്പെട്ടത്.

★

## കാൽനട കഠിനം

നഗരത്തിലെ റോഡിന്റെ വീതി കൂടുന്തോറും വിഷമിക്കുന്നവരാണ് കാൽനടയാത്രക്കാർ. മുൻപ് രണ്ടുവരി റോഡ് മുറിച്ചു കടക്കേണ്ടിയിരുന്ന സ്ഥാനത്ത് ഇനി നാലുവരി റോഡും ആറുവരി റോഡും മുറിച്ചു കടക്കണം.

തികഞ്ഞ അഭ്യാസവും അതിലുപരി ഭാഗ്യവും ഉണ്ടെങ്കിൽ മാത്രമേ പ്രധാന റോഡുകൾ മുറിച്ചു കടക്കാൻ കഴിയൂ എന്ന സ്ഥിതിയാണിപ്പോൾ. കംപ്യൂട്ടറിൽ റോഡ് റാഷ് കളിക്കുമ്പോൾ പോകുന്നതു പോലെ ചീറിപ്പായുന്ന പല വാഹനങ്ങളും വഴിയാത്രക്കാരെ പരിഗണിക്കുന്നതേയില്ല. ആവശ്യമായതിന്റെ പകുതി പോലും പൊലീസുകാരില്ലാത്ത ട്രാഫിക് വിഭാഗവും വഴിയാത്രക്കാരെ സൗകര്യപൂർവം മറക്കുന്നു.

✱

## ഭക്ഷ്യവിഷബാധ

ഭക്ഷ്യവിഷബാധയേറ്റ 160 വിദ്യാർഥികൾ നഗരത്തിലെ സ്കൂളുകളിലെ വിദ്യാർഥികളെയും രക്ഷിതാക്കളെയും മണിക്കൂറുകളോളം പരിഭ്രാന്തിയിലാഴ്ത്തി.

നഗരത്തിലെ മറ്റ് 24 സ്കൂളുകളിലും ഉച്ചഭക്ഷണം വിതരണം ചെയ്യുന്നത് വഞ്ചിപുവർ ഹോമിൽ നിന്നാണ്. ഇതാണ് സ്കൂളധികൃതരെയും മറ്റും മുൾമുനയിൽ നിർത്തിച്ചത്.

✱

## വിളമ്പിയത് ദുർഗന്ധം വമിച്ച അരികൊണ്ടുള്ള ചോറ്

സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനു വിദ്യാർഥിനികൾക്കു വിളമ്പിയത് ദുർഗന്ധം വമിച്ച അരി കൊണ്ടുള്ള ചോറ്. വഞ്ചി പുവർ ഹോമിലാണ് ഭക്ഷണം പാചകം ചെയ്തു നഗരത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തത്. രാവിലെ പാചകത്തിനു മുൻപായി ചാക്ക് പൊട്ടിച്ചപ്പോൾത്തന്നെ അരിയിൽ നിന്നു വല്ലാത്ത ദുർഗന്ധം വമിച്ചിരുന്നതായി സൂചന ലഭിച്ചെന്നു പൊലീസ് പറഞ്ഞു. പലകുറി കഴുകി നോക്കിയിട്ടും രക്ഷയുണ്ടായിരുന്നില്ല. എന്നാൽ ഇവിടുത്തെ ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ

നഗരസഭ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

★

## കമ്പനി കാര്യങ്ങൾ ഇനി വിരൽത്തുമ്പിൽ

കമ്പനി കാര്യങ്ങളുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പൂർണമായും കംപ്യൂട്ടർ അധിഷ്ഠിതമാക്കുന്ന പദ്ധതിക്കു കമ്പനി കാര്യ മന്ത്രാലയം തുടക്കം കുറിക്കുന്നു.

കമ്പനി തുടങ്ങാനും മറ്റുമെടുക്കുന്ന കാലതാമസത്തിന്റെ പേരിൽ ഇന്ത്യയെ എഴുപത്തേഴാം സ്ഥാനത്തു നിർത്തി ലോകബാങ്ക് ചുമത്തുന്ന ദുഷ്പേരിൽ നിന്ന് ഇതോടെ മോചനമാകുമെന്നു കേന്ദ്ര കമ്പനികാര്യ മന്ത്രി പ്രേംചന്ദ് ഗുപ്ത വ്യക്തമാക്കി. ഓൺ ലൈൻ സംവിധാനം നിലവിൽ വരുന്നതോടെ ഒരു ദിവസത്തിനകം കാര്യങ്ങൾക്ക് തീർപ്പാവും.

★

## 'മാജിക്: തീരുമാനം ചർച്ചയ്ക്ക് ശേഷം'

സ്കൂൾ കലോൽസവത്തിൽ മാജിക് ഒരു ഇനമായി ഉൾപ്പെടുത്താനുള്ള നിർദേശം മുതിർന്ന മാന്ത്രികരുമായി ചർച്ച ചെയ്തശേഷമേ തീരുമാനിക്കുകയുള്ളുവെന്ന് മന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ. മുതിർന്ന മാന്ത്രികർ എതിർപ്പ് അറിയച്ചതിനെ തുടർന്നാണ് ചർച്ച.

★

## ശുദ്ധജലം: എല്ലാ പഞ്ചായത്തിലും ഇനി പരിശോധകർ

ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി എല്ലാ പഞ്ചായത്തിലും വെള്ളത്തിന്റെ നിലവാരം പരിശോധിക്കുന്നതിന് അഞ്ചുപേർക്കു വീതം പരിശീലനം നല്കുമെന്നു ഗ്രാമവികസന മന്ത്രി രഘുവംശ പ്രസാദ് സിങ്. മഴവെള്ള സംഭരണ പദ്ധതികൾ ഊർജിതമാക്കും. എല്ലാ സ്കൂളുകളിലും അടുത്ത വർഷം മാലിന്യവിമുക്ത ജലവും ടോയ്‌ലറ്റ് സൗകര്യവും ഉറപ്പാക്കും.

★

## ബാലവേല നിരോധനം

രാജ്യത്തു ബാലവേല നിരോധിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ചു സുപ്രീം കോടതി സംസ്ഥാന സർക്കാരുകൾക്കു നോട്ടീസ് അയച്ചു.

സ്കൂളിൽ പഠിക്കേണ്ട കുട്ടികൾ സ്കൂളിലല്ലാതിരിക്കാൻ പാടില്ലെന്നും സ്കൂളുകൾ ഇല്ലാത്തിടത്ത് അവ ലഭ്യമാക്കാൻ സർക്കാരുകൾ നടപടിയെടുക്കണമെന്നും ജസ്റ്റിസുമാരായ കെ.ജി. ബാലകൃഷ്ണൻ, ജി.പി. മാത്തൂർ എന്നിവരുടെ ബഞ്ച് അഭിപ്രായപ്പെട്ടു.

✶

## കമ്മ്യൂണിറ്റി സർവീസ് സെന്റർ ഒരു ലക്ഷം ഗ്രാമങ്ങളിലേക്ക്

ഐ.ടി. ഗുണഫലങ്ങൾ ഗ്രാമങ്ങളിലേക്ക് എത്തിക്കുന്നതിനായി രാജ്യത്തെ ഒരു ലക്ഷം ഗ്രാമങ്ങളിൽ കമ്മ്യൂണിറ്റി സർവീസ് സെന്ററുകൾ ആരംഭിക്കുമെന്ന് കേന്ദ്ര ഭരണനവീകരണ അഡീ. സെക്രട്ടറി പി.ഐ.സുവ്രതൻ, ഐ.ടി.വകുപ്പ് ജോ.സെക്രട്ടറി ആർ.ചന്ദ്രശേഖർ എന്നിവർ അറിയിച്ചു.

✶

## തീരപ്രദേശങ്ങളിൽ ജല വിതരണത്തിന് 61 കോടി: തിരുവഞ്ചൂർ

സുനാമി ബാധിത പ്രദേശങ്ങളടക്കം സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിനു ജലനിധി പദ്ധതിയിൽ നിന്ന് 61 കോടി രൂപ ചെലവഴിക്കാൻ ലോകബാങ്കിന്റെ അനുവാദം ലഭിച്ചതായി മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയിച്ചു.

✶

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Price of single copy: Rs.4/-**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378